**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6126** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമന രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത് സർക്കാർ നേരിട്ടാണോ അതോ റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണായെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങൾ അതാത് കമ്പനികൾ നേരിട്ടാണ് നടത്തിവരുന്നത്.<br><br>കമ്പനി തലത്തിൽ നടന്നു വരുന്ന നിയമനങ്ങളിൽ പി.എസ്.സി നിഷ്കർച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ പാലിക്കണമെന്ന് കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയല്ലാതെ നിയമനം നടത്തുന്ന തസ്തികകളിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റ് നടപടികൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻറ് റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്, 2022 പ്രാബല്യത്തിൽ വന്നു. ബോർഡുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മാനേജിംഗ് ഡയറക്ടർ തസ്തിക ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയല്ലാതെ നികത്തപ്പെടുന്ന ഒഴിവുകളിലേക്കുള്ള നിയമനങ്ങളാണ് പ്രസ്തുത ബോർഡ് വഴി നടത്തുന്നത്. റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനങ്ങളിലും അംഗീകൃത സംവരണതത്വങ്ങൾ പാലിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | നിയമനം നടത്തുമ്പോൾ സംവരണതത്ത്വം പാലിക്കാറുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങൾ അതാത് കമ്പനികൾ നേരിട്ടാണ് നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| | | | കമ്പനി തലത്തിൽ നടന്നു വരുന്ന നിയമനങ്ങളിൽ പി.എസ്.സി നിഷ്കർച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ പാലിക്കണമെന്ന് കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയല്ലാതെ നിയമനം നടത്തുന്ന തസ്തികകളിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റ് നടപടികൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻറ് റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്, 2022 പ്രാബല്യത്തിൽ വന്നു. ബോർഡുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മാനേജിംഗ് ഡയറക്ടർ തസ്തിക ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയല്ലാതെ നികത്തപ്പെടുന്ന ഒഴിവുകളിലേക്കുള്ള നിയമനങ്ങളാണ് പ്രസ്തുത ബോർഡ് വഴി നടത്തുന്നത്. റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനങ്ങളിലും അംഗീകൃത സംവരണതത്വങ്ങൾ പാലിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ